**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** **30-01-2024 - ൽ മറുപടിയ്ക്ക്**

**സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കണമെന്ന നിവേദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സൗജന്യ നിരക്കിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് ശ്രീമതി.സൗധ നെല്ലിക്കണ്ടി, മുഴപ്പാല എന്ന വ്യക്തി പയ്യന്നൂർ എം.എൽ.എ. യുടെ കവറിംഗ് ലെറ്ററോടുകൂടി (പി.എൻ.ആർ.എം.എൽ.എ/4/23) 09.01.2023-ൽ നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ലഭിച്ചിട്ടുണ്ട്. പരാതിയിൽ പറഞ്ഞ സ്ഥലം പരിശോധിച്ച് 640 മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക്കുന്നതിലേക്ക് 2,56,768/- രൂപയുടെ എസ്റ്റിമേറ്റ് 18.12.2023-ന് തയ്യാറാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ ലൈസൻസി എന്ന നിലയ്ക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നത് കെ.എസ്.ഇ. ആർ.സി പുറപ്പെടുവിച്ചിട്ടുള്ള Supply code 2014 അനുസരിച്ചാണ്. Supply code റെഗുലേഷൻ 32, 37 പ്രകാരം, വൈദ്യുതി ലൈനുകൾ വലിക്കേണ്ടി വരുന്ന ചെലവ് റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ മുൻകൂറായി അടയ്ക്കേണ്ടതാണ്. എന്നാൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണ ത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ. ബി.എൽ-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നുണ്ട്. എന്നാൽ ശ്രീമതി.സൗദ മുഴപ്പാലയ്ക്ക് കണക്ഷനു 640 മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക്കേണ്ടുന്നതിനാൽ ഇതിനാവശ്യമായ ചെലവ് കെ.എസ്.ഇ.ബി.എൽ-നു ലഭിക്കേ ണ്ടതുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ നമ്പറും നിലവിൽ ഈ ഫയൽ ഏത് ഓഫീസിലാണ് ഉള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഡയറക്ടർ (വിതരണം, എസ് സി എം & സുരക്ഷ) യുടെ കാര്യാലയത്തിൽ ഉണ്ട്. ഫയൽ നമ്പർ DIRDIT-AE3/2023/561 ആണ്. |
| (സി) | പ്രസ്തുത അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) | ശ്രീമതി.സൗദ മുഴപ്പാല പി.ഓ എന്ന വ്യക്തി BPL വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം 640 മീറ്റർ സിംഗിൾ ഫേസ് ലൈൻ വലിക്കേണ്ട തായിട്ടുണ്ട്. എന്നാൽ |

| | | | |
|---|---|---|---|
| | | | നിയമപ്രകാരം 250 മീറ്ററിന് മുകളിൽ സിംഗിൾ ഫേസ് ലൈൻ വലിക്കേണ്ടതിനാൽ ലൈൻ ECLE (Estimate Cost for Line Extension) സ്കീമിൽ പണമടയ്ക്കേണ്ടതാണ്. പണം ലഭ്യമാകുന്ന മുറയ്ക്ക് ജോലി പൂർത്തീകരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ